# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3374

21.12.2012 - ൽ മറുപടിക്ക്

## ആസിയാൻ കരാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. കെ..പി. മോഹനൻ,<br>കൃഷി/മൃഗസംരക്ഷണം, അച്ചടിയും,<br>സ്റ്റേഷനറിയും വകുപ്പു മന്ത്രി |
| (എ) ആസിയാൻ കരാറിന്റെ അനന്തരഫലമായി കാർഷികോൽപ്പന്നങ്ങളുടെ വിലയിൽ ഇടിവുണ്ടായിട്ടുണ്ടോ; | (എ) സമീപകാലത്ത് പല കാർഷിക ഉത്പന്നങ്ങളുടേയും (ഉദാ : നാളികേരം, റബ്ബർ, ഇഞ്ചി, മഞ്ഞൾ) വില കുറഞ്ഞിട്ടുണ്ട്. എന്നാൽ ഇത് ആസിയാൻ കരാറിന്റെ മാത്രം അനന്തരഫലമാണെന്ന് പറയാൻ സാധിക്കില്ല. |
| (ബി) പാമോയിലിന്റെയും മറ്റ് ഭക്ഷ്യ എണ്ണകളുടെയും ഇറക്കുമതി തീരുവ കുറച്ചത് വഴി ഇറക്കുമതി വർദ്ധിച്ചിട്ടുണ്ടോ; അത് വിലയിടിവിന് കാരണമായിട്ടുണ്ടോ; | (ബി) പാമോയിലിന്റെ ഇറക്കുമതി തീരുവ കഴിഞ്ഞ കുറെ വർഷങ്ങളായി ക്രൂഡ് പാം ഓയിലിന് 0 ശതമാനവും, റിഫൈൻഡ് പാം ഓയിലിന് 7.5 ശതമാനവും ആണ്. എന്നാൽ ആസിയാൻ കരാറിൽ ഇത് ഡിസംബർ 2019 ഓടെ അടിസ്ഥാന തീരുവയായ യഥാക്രമം 80, 90 % എന്ന നിരക്കിൽ നിന്നും 37.5 ഉം 45 ഉം ആയി കുറയ്ക്കാം എന്നാണ് സമ്മതിച്ചിരിക്കുന്നത്. അതിനാൽ തന്നെ ഇറക്കുമതി തീരുവ കുറച്ചതുകൊണ്ട് ഇറക്കുമതി വർദ്ധിച്ചു എന്ന് പറയാൻ പറ്റില്ല. എന്നാൽ ആഗോളതലത്തിൽ പാം ഓയിലിന്റെ ലഭ്യത കൂടുകയും വില കുറയുകയും ചെയ്ത സാഹചര്യത്തിൽ ഇറക്കുമതി കൂടിയിട്ടുണ്ട്. |
| (സി) വെളിച്ചെണ്ണയുടെ വില ഗണ്യമായി ഇടിയുന്നതിന് ഇടവന്നിട്ടുള്ളത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ? | (സി) പരിശോധിച്ചിട്ടുണ്ട്.<br>1. തമിഴ്നാട്ടിൽ നിന്നും ധാരാളമായി കൊപ്രയും വെളിച്ചെണ്ണയും കേരളത്തിലേക്ക് വരുന്നു.<br>2. പാം ഓയിലിന്റെയും ക്രൂഡ് പാം ഓയിലിന്റെയും ഇറക്കുമതി വർദ്ധിച്ചിട്ടുണ്ട്. പാം ഓയിലിന്റെയും ക്രൂഡ് പാം ഓയിലിന്റെയും ലഭ്യതയിൽ ആഗോളാടിസ്ഥാനത്തിൽ വന്ന വർധനവിന്റെ ഫലമായി വില കുറയുകയും ഇറക്കുമതി വർദ്ധിക്കുകയും ചെയ്തു.<br>3. വെളിച്ചെണ്ണ കയറ്റുമതിയുടെ മേലുള്ള നിയന്ത്രണവും ഒരു കാരണമാണ്. |

അണ്ടർ സെക്രട്ടറി